പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1929 **26-10-2026-ൽ മറുപടിയ്ക്ക്**

മിഷൻ സമുദ്ര പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ഷിബു തെക്കുംപുറം

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മിഷൻ സമുദ്ര പദ്ധതിയിലൂടെ സമാഹരിക്കാനുദ്ദേശിക്കുന്ന നിക്ഷേപം എത്രയാണെന്നറിയിക്കാമോ; ഇത് ഏതൊക്കെ മാർഗങ്ങളിലൂടെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച മിഷൻ സമുദ്ര, 2026-27 മുതൽ 2030-31 വരെയുള്ള അഞ്ചു വർഷത്തെ സമുദ്ര സാമ്പത്തിക പരിവർത്തന പദ്ധതിയാണ്. 2026-27-ൽ 400 കോടി രൂപയുടെ മിഷൻ ഫണ്ട് ഉത്തേജക മൂലധനമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക സാധ്യതാപഠനങ്ങൾ, ഡി.പി.ആർ. തയ്യാറാക്കൽ, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, പൊതു അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കാണ് വിനിയോഗിക്കുക. ഇതിലൂടെ മിഷൻ ഫണ്ടിന്റെ പല മടങ്ങ് സ്വകാര്യ നിക്ഷേപവും കേന്ദ്ര സഹായവും ആകർഷിക്കുക എന്നതാണ് ലക്ഷ്യം. സമാഹരിക്കാനാകുന്ന നിക്ഷേപത്തിന്റെ കൃത്യമായ തുക, ഓരോ ഘടകത്തിന്റെയും ഡി.പി.ആർ.-ഉം നിക്ഷേപക താൽപ്പര്യ പരിശോധനയും പൂർത്തിയാകുന്ന മുറയ്ക്ക് കണക്കാക്കുന്നതാണ്. 2031-ഓടെ ആകെ ₹10,000 കോടി നിക്ഷേപം സമാഹരിക്കുക എന്നതാണ് ലക്ഷ്യം.

തുറമുഖങ്ങൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രങ്ങൾ, മാരിടൈം ക്ലസ്റ്ററുകൾ എന്നിവയ്ക്കായി PPP / കൺസെഷൻ മാതൃകയിലുള്ള സ്വകാര്യ നിക്ഷേപമാണ് പ്രധാന മാർഗം. താഴെ പറയുന്ന മാർഗങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് നിക്ഷേപം സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്:

1. സാഗർമാല ഫിനാൻസ് കോർപ്പറേഷൻ (SMFCL) വഴിയുള്ള ധനസഹായം, കോസ്റ്റൽ കാർഗോ പ്രൊമോഷൻ സ്കീം തുടങ്ങിയ കേന്ദ്ര പദ്ധതികളുമായുള്ള സംയോജനം എന്നിവയും ഉപയോഗപ്പെടുത്തും.
2. മാരിടൈം ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ്, നിക്ഷേപക റോഡ്ഷോകൾ, മാരിടൈം ആങ്കർ ഇൻവെസ്റ്റർ സ്കീം എന്നിവ വഴി നേരിട്ടുള്ള നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിടുന്നു.
3. അർബൻ ചലഞ്ച് ഫണ്ട് (കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം) പുതിയ നഗരങ്ങൾ, പ്രധാന അടിസ്ഥാന സൗകര്യങ്ങൾ, ഔട്ടർ റിംഗ് റോഡ്.
4. പി.പി.പി. നിക്ഷേപങ്ങൾ (BOT/DBFOT/ കൺസെഷൻ) - തുറമുഖങ്ങൾ, കപ്പൽ അറ്റകുറ്റപ്പണി, ലോജിസ്റ്റിക്സ്, ക്ലസ്റ്ററുകൾ, നഗരങ്ങൾ, ചെറുകിട തുറമുഖങ്ങളുടെ പുനരുജ്ജീവനം.

(ബി) പ്രസ്തുത പദ്ധതിയിലൂടെ അടുത്ത അഞ്ച് വർഷം കൊണ്ട് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നാണ് കരുതുന്നത്; അവ ഏതൊക്കെ മേഖലകളിലാണെന്നറിയിക്കാമോ;

മറുപടി: 2031 ഓടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് മിഷൻ സമുദ്രയുടെ ലക്ഷ്യം. തുറമുഖ, ടെർമിനൽ പ്രവർത്തനങ്ങൾ, തീരദേശ കപ്പൽ ഗതാഗതം, ഉൾനാടൻ ജലഗതാഗതം എന്നിവയാണ് തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്ന പ്രധാന മേഖലകൾ. MMLP, FTWZ, ICD, CFS, വെയർഹൗസിംഗ്, കോൾഡ് ചെയിൻ തുടങ്ങിയ ലോജിസ്റ്റിക്സ് സംവിധാനങ്ങളിലും അവസരങ്ങളുണ്ടാകും. കപ്പൽ നിർമ്മാണവും അറ്റകുറ്റപ്പണിയും, മറൈൻ എഞ്ചിനീയറിംഗ്, സമുദ്രോൽപ്പന്ന സംസ്കരണവും കയറ്റുമതിയും, ബങ്കറിംഗും ഹരിത ഇന്ധനങ്ങളും, ടൂറിസം എന്നീ മേഖലകളിലും തൊഴിൽ സൃഷ്ടിക്കപ്പെടും. ഓട്ടോമേഷൻ, ഹരിത പ്രൊപ്പൽഷൻ എന്നിവയിൽ ഉയർന്ന നൈപുണ്യമുള്ള അവസരങ്ങൾ:- മാരിടൈം പ്രൊഫഷണൽ സേവനങ്ങൾ, സമുദ്ര നിയമം, ആർബിട്രേഷൻ, നിയമം, ഇൻഷുറൻസ്, ധനകാര്യം, ക്ലാസിഫിക്കേഷൻ, ക്രൂയിംഗ് ഷിപ്പ് മാനേജ്മെന്റ്, ഓഫ്ഷോർ, മറൈൻ എഞ്ചിനീയറിംഗ് എം.എസ്.എം. വിതരണ ശൃംഖല വികസനം എന്നീ മേഖലയിലും അവസരങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ ലോജിസ്റ്റിക്സ് എക്സലൻസ് ആൻഡ് മാരിടൈം ഇന്നൊവേഷൻ സ്ഥാപിക്കും. ഐ.ടി.ഐ.കളും പോളിടെക്നിക്കുകളുമായി സഹകരിച്ചുള്ള പരിശീലനവും വിഭാവനം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും റോഡുകളിലെ ഗതാഗത തിരക്ക് ലഘൂകരിക്കുന്നതിനും ഉതകുന്ന എന്തെല്ലാം നിർദേശങ്ങളാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് അറിയിക്കാമോ;

മറുപടി: റോഡ്, റെയിൽ കണക്ടിവിറ്റി ശക്തിപ്പെടുത്താൻ വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്, ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ജംഗ്ഷൻ നവീകരണം എന്നിവ പദ്ധതിയിലുണ്ട്. ബാലരാമപുരം-വിഴിഞ്ഞം ചരക്ക് റെയിൽ പാതയും വിഭാവനം ചെയ്തിട്ടുണ്ട്. ചരക്ക് നീക്കം റോഡിൽ നിന്ന് ജലമാർഗത്തിലേക്ക് മാറ്റുന്നതിനായി ദേശീയ ജലപാത-3 (കൊല്ലം-കൊച്ചി-കോട്ടപ്പുറം) ഉപയോഗപ്പെടുത്തും. ഇതിനായി ഫെയർവേ സർവേ, കാർഗോ ടെർമിനലുകൾ, പൈലറ്റ് ബാർജ് സർവീസ് എന്നിവ നടപ്പാക്കും. കോസ്റ്റൽ ഷിപ്പിംഗ് റിവൈവൽ ഫണ്ട് വഴി തീരദേശ കപ്പൽ ഗതാഗതത്തിന് ഇൻസെന്റീവ് നൽകും; ഇത് കേന്ദ്രത്തിന്റെ കോസ്റ്റൽ കാർഗോ പ്രൊമോഷൻ സ്കീമിന് അനുബന്ധമായിരിക്കും. ബേപ്പൂർ, കൊല്ലം, അഴീക്കൽ ഉൾപ്പെടെയുള്ള ചെറുകിട തുറമുഖങ്ങളും പുനരുജ്ജീവിപ്പിക്കും.

ചരക്ക് ഗതാഗത ചെലവ് കുറയ്ക്കുന്നതിനും റോഡിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) വിദേശത്തുനിന്ന് മടങ്ങിയെത്തുന്ന പ്രവാസികളുടെ പരിചയസമ്പത്തും വൈദഗ്ധ്യവും പദ്ധതിയിൽ ഏതൊക്കെ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: വിദേശത്തു നിന്ന് മടങ്ങിയെത്തുന്ന പ്രവാസികളുടെ അനുഭവസമ്പത്തും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തുന്ന തിനായി ഇവർക്ക് മാരിടൈം, ലോജിസ്റ്റിക്സ് ക്ലസ്റ്ററുകളിലും തുറമുഖ അനുബന്ധ മേഖലകളിലും തൊഴിൽ നൽകും. ഓഫ്ഷോർ സേവനങ്ങൾ, ഷിപ്പ്ചാൻഡ്ലിംഗ്, ബങ്കറിംഗ്, കപ്പൽ അറ്റകുറ്റപ്പണി തുടങ്ങിയ മാനവവിഭവശേഷി കുറവുള്ള മേഖലകളിൽ ഇവരുടെ

സേവനം ഉപയോഗപ്പെടുത്താനാണ് പ്രത്യേകമായി ലക്ഷ്യമിടുന്നത്. ഇതിനായി നൈപുണ്യ സാക്ഷ്യപ്പെടുത്തലും പുനർപരിശീലനവും നൽകും. ലോജിസ്റ്റിക്സ്, എം.എസ്.എം.ഇ. വിതരണ ശൃംഖലകളിൽ ഇവരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും പ്രവാസി നിക്ഷേപം ആകർഷിക്കുകയും ചെയ്യും.

മിഷനു കീഴിലെ സമുദ്ര ക്ലസ്റ്ററുകൾ, മാരിടൈം സർവീസസ് ക്ലസ്റ്റർ (ക്രൂയിംഗ്, ഷിപ്പ് മാനേജ്മെന്റ്, ഇൻഷുറൻസ്, ആർബിട്രേഷൻ) നിർദ്ദിഷ്ട സെൻറർ ഫോർ ലോജിസ്റ്റിക്സ് എക്സലൻസ് ആൻഡ് മാരിടൈം ഇന്നോവേഷൻ, മറൈൻ എഞ്ചിനീയറിംഗ്, ഓട്ടോമേഷൻ, ലോജിസ്റ്റിക്സ് എന്നിവയിലെ ഉയർന്ന നൈപുണ്യ അവസരങ്ങൾ എന്നിവ മടങ്ങിയെത്തുന്ന പ്രവാസികൾ ഉൾപ്പെടെ നൈപുണ്യമുള്ള പ്രൊഫഷണലുകൾക്ക് അവസരങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ചരക്ക് ഗതാഗത ചെലവ് കുറയ്ക്കുന്നതിനും റോഡിലെ ഗതാഗതകുരുക്ക് ലഘൂകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ

- നിലവിൽ എല്ലാ കണ്ടെയ്നർ ഗതാഗതവും നഗര റോഡുകളിലൂടെയാണ് കടന്നുപോകുന്നത്: വിഴിഞ്ഞത്തു നിന്ന് പ്രത്യേക ചരക്ക് പാത ഒരുക്കുന്നതിനായി ഔട്ടർ റിംഗ് റോഡിന്റെ ലിങ്ക് റോഡുകൾ, എക്സിറ്റുകൾ, ജംഗ്ഷൻ നവീകരണം ഒപ്പം ബാലരാമപുരം വിഴിഞ്ഞം ചരക്ക് റെയിൽ ഇടനാഴിയും.
- ദേശീയ ജലപാത 3, പശ്ചിമതീര കനാൽ, ഫീഡർ കനാലുകൾ എന്നിവ ചെലവ് കുറഞ്ഞതും കാർബൺ ബഹിർഗമനം കുറഞ്ഞതുമായ ചരക്ക് പാതയായി വികസിപ്പിക്കൽ- പൈലറ്റ് ബാർജ്/ഉൾനാടൻ ജലയാന ചരക്ക് സർവീസും കൊച്ചി വാട്ടർ മെട്രോയുമായുള്ള സംയോജനവും ഉൾപ്പെടെ.
- ചരക്കുനീക്കം ഹൈവേകളിൽ നിന്ന് തീരദേശ കപ്പൽ ഗതാഗതത്തിലേക്ക് മാറ്റുന്നതിനായി, കേന്ദ്രത്തിന്റെ കോസ്റ്റൽ കാർഗോ പ്രൊമോഷൻ സ്കീമിന് അനുബന്ധമായി, തീരദേശ കപ്പൽ ഓപ്പറേറ്റർമാർക്ക് റിട്ടേൺ-കാർഗോ ഇൻസെന്റീവ്, തുറമുഖത്തിനു സമീപം CPS, ICD, കോൾഡ് ചെയിൻ, മൾട്ടി-മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ എന്നിവ സ്ഥാപിക്കൽ, സംസ്കരണം, ഏകീകരണം, കസ്റ്റംസ് ക്ലിയറൻസ് എന്നിവ തുറമുഖത്തോട് ചേർന്ന് ഒരുക്കുന്നതിലൂടെ ആവർത്തിച്ചുള്ള കൈകാര്യം ചെയ്യൽ, ഒഴിഞ്ഞ കണ്ടെയ്നറുകളുടെ നീക്കം, ട്രക്ക് കിലോമീറ്ററുകൾ, കാത്തിരിപ്പ് സമയം, ഇൻവെന്ററി ചെലവ് എന്നിവ കുറയ്ക്കൽ.
- പി.എം ഗതി ശക്തി, ദേശീയ ലോജിസ്റ്റിക്സ് നയം എന്നിവയ്ക്ക് അനുസൃതമായ സംയോജിത മൾട്ടിമോഡൽ ആസൂത്രണവും ഡിജിറ്റൽ ലോജിസ്റ്റിക്സ് പ്ലാറ്റ്ഫോമും.